# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 303 25.06.2012 ൽ മറുപടിക്ക്**

## <u>പെട്രോളിന്റെയും നിർമ്മാണവസ്തുക്കളുടേയും വിലവർദ്ധന</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| **ശ്രീ. കെ. രാധാകൃഷ്ണൻ**<br>**ശ്രീ. സാജുപോൾ**<br>**ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)**<br>**ശ്രീ. കെ. ദാസൻ** | **ശ്രീ. കെ.എം. മാണി**<br>**ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി** |

| | | |
|---|---|---|
| (എ) | പെട്രോൾ, നിർമ്മാണ വസ്തുക്കൾ, സാമഗ്രികൾ എന്നിവയുടെ വിലയും കൂലി ചെലവും ക്രമാതീതമായി വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ സർക്കാരിന്റെ ഈ വർഷത്തെ ചെലവിലുണ്ടാകുന്ന വർദ്ധന എത്ര ശതമാനം ആയിരിക്കും; വിശദമാക്കാമോ; | ബജറ്റ് എസ്റ്റിമേറ്റ്സ് നിശ്ചയിക്കുന്നത് കറന്റ് പ്രൈസിന്റെ അടിസ്ഥാനത്തിലാണ്. പദ്ധതി ചെലവ് തിട്ടപ്പെടുത്തുന്നതിൽ 5% വിലക്കയറ്റം കൂടി കണക്കിലെടുക്കുന്നുണ്ട്. പദ്ധതിയേതര പ്രവർത്തനങ്ങളിലും വിലക്കയറ്റം പരിഗണിച്ചുകൊണ്ട് അതാതു ചെലവുകളുടെ മാനദണ്ഡങ്ങൾ അനുസരിച്ച് വർദ്ധനവ് ഉൾക്കൊള്ളിച്ചിട്ടുണ്ട്.<br><br>പെട്രോൾ, നിർമ്മാണ വസ്തുക്കൾ, സാമഗ്രികൾ എന്നിവയുടെ വിലയും കൂലിച്ചെലവും വർദ്ധിച്ചാൽ, അത് പദ്ധതികളുടെ എസ്റ്റിമേറ്റിലും ടെൻഡർ എക്സസിലും വർദ്ധനവ് വരുത്താനിടയുണ്ട്. കൂടാതെ പെട്രോൾ വില വർദ്ധവുമൂലം സർക്കാരിന്റെ ഇന്ധന ചെലവും വർദ്ധിക്കും. എന്നാൽ ഈ വർദ്ധനവുകൾ എത്ര ശതമാനമാണെന്ന് കൃത്യമായി കണക്കാക്കപ്പെട്ടിട്ടില്ല. |
| (ബി) | വില വർദ്ധന സംസ്ഥാനത്തിന്റെ പദ്ധതി പ്രവർത്തനങ്ങളെ ബാധിക്കുമോ; പദ്ധതി ചെലവിൽ എത്ര ശതമാനം വർദ്ധന പ്രതീക്ഷിക്കുന്നു? | പദ്ധതി ചെലവിൽ 5% ഇൻഫ്ളേഷൻ ഉൾപ്പെടുന്നതുകൊണ്ടും പദ്ധതിയേതര ചെലവിൽ ബജറ്റ് എസ്റ്റിമേറ്റിൽ മാനദണ്ഡമനുസരിച്ച് വർദ്ധനവ് ഉൾപ്പെടുത്തിയിട്ടുള്ളതുകൊണ്ടും വില വർദ്ധന പദ്ധതി-പദ്ധതിയേതര ചെലവുകളെയോ പദ്ധതി പ്രവർത്തനങ്ങളെയോ സാരമായി ബാധിക്കുമെന്ന് പ്രതീക്ഷിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ